# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 27, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി |

സമഗ്ര ജീവിത ശൈലി രോഗനിയന്ത്രണ ബോധന പദ്ധതി

*211 ശ്രീ. കെ. മുരളീധരൻ
,, ആർ. സെൽവരാജ്
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ജീവിതശൈലി രോഗനിയന്ത്രണ ബോധന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

<u>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി</u>

*212 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്ജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഫാർമസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഫാർമസികളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എവിടെയെല്ലാമാണ് പ്രസ്തുത ഫാർമസികൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഫാർമസിയുടെ പ്രവർത്തനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>പൈതൃകശേഷിപ്പുകൾ സംരക്ഷിച്ച് വിനോദസഞ്ചാര വികസനം</u>

*213 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി
,, പി.കെ. ബഷീർ
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ പട്ടണങ്ങളിലുള്ള പൈതൃകശേഷിപ്പുകൾ സംരക്ഷിച്ച് അവ വിനോദസഞ്ചാര വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) വിനോദസഞ്ചാരമേഖലയെ ആകർഷിക്കുന്ന പൈതൃകശേഷിപ്പുകളെയും, ചരിത്രാവശിഷ്ടങ്ങളെയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ പൈതൃകമേഖലയുടെയും തനിമ നിലനിർത്തുന്ന തരത്തിൽ തദ്ദേശീയരുടെ സഹകരണത്തോടെ സമഗ്രപദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തൽ</u>

*214 ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ചെന്താമരാക്ഷൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ക്ഷേമനിധി ബോർഡുകൾ ആനുകൂല്യങ്ങൾ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; ഇതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാർ ബോർഡുകൾക്ക് നൽകേണ്ട തുക യഥാസമയം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ജലനിധി രണ്ടാം ഘട്ടം

*215 ശ്രീ. ബി.ഡി. ദേവസ്സി
,, എ.എം. ആരിഫ്
,, കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാം ഘട്ടത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിനായി എന്തു തുക നീക്കിവെച്ചിരുന്നെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പിൽഗ്രിം സർക്യൂട്ട് പദ്ധതി</u>

*216 ശ്രീ. ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിൽഗ്രിം സർക്യൂട്ട് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

കേന്ദ്ര സർക്കാർ പുതുതായി അനുവദിച്ച എം. ബി. ബി. എസ്. സീറ്റുകൾ

*217 ശ്രീ. എം. ചന്ദ്രൻ
,, എം. എ. ബേബി
,, റ്റി. വി. രാജേഷ്
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോക്ടർ, രോഗി അനുപാതം മെച്ചപ്പെടുത്താനായി കേന്ദ്ര സർക്കാർ പുതുതായി അനുവദിക്കാൻ തീരുമാനിച്ചിരിക്കുന്ന പതിനായിരം എം. ബി. ബി. എസ്. സീറ്റുകളിൽ ഒന്നുപോലും സംസ്ഥാനത്തിന് നൽകാത്തതിനെ കുറിച്ചുള്ള സർക്കാർ നിലപാട് അറിയിക്കുമോ ;

(ബി) സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) കേന്ദ്ര അവഗണന സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾക്ക് പ്രോത്സാഹജനകമായിരിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>മായം കലർന്നിട്ടുള്ള ഭക്ഷ്യവസ്തുക്കളുടെ വിൽപ്പന</u>

*218 ശ്രീ. എ. പ്രദീപ്കുമാർ
'' വി. ശിവൻകുട്ടി
'' ബാബു എം. പാലിശ്ശേരി
'' കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മായം കലർത്തിയതും അമോണിയ പോലുള്ള രാസവസ്തുക്കൾ ചേർത്ത് ഐസിൽ സൂക്ഷിച്ചതുമായ മത്സ്യ-മാംസ്യങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ സംസ്ഥാനത്ത് നിർബാധം വില്പന നടത്തി വരുന്നതും ഹോട്ടലുകളിൽ ഉപയോഗിക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് ഇതുണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ചുള്ള വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) ആയത് നിരീക്ഷിക്കുന്നതിനും തടയുന്നതിനുമുള്ള സംസ്ഥാനത്തെ സംവിധാനങ്ങൾ അഴിമതി നടത്താനുള്ള സ്ഥാപനങ്ങളായി അധ:പതിച്ചിരിക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിയന്ത്രണങ്ങളില്ലാത്ത ഈ നില തുടർന്നാലുണ്ടാകാവുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് സർക്കാർ ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) വില്പനശാലകളിൽ മായം കലർന്നിട്ടില്ലാത്ത ഭക്ഷ്യവസ്തുക്കൾ മാത്രമേ വില്പന നടത്താൻ അനുവദിക്കുകയുള്ളൂ എന്നുറപ്പാക്കാനും പ്രസ്തുത രംഗത്തെ അഴിമതി തടയാനും എന്തു കർമ്മ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>ക്ഷേമനിധികളിലെ അംഗത്വം ആധാർ കാർഡുമായി ബന്ധിപ്പിക്കൽ</u>

*219 ശ്രീ. സി. കൃഷ്ണൻ
,, എം. ഹംസ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധികളിലെ അംഗത്വം ആധാർ കാർഡുമായി ബന്ധിപ്പിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ആധാർ ലിങ്കേജ് നിയമാനുസൃതമല്ലെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ നടപടി പിൻവലിക്കാൻ തയ്യാറാകുമോ;

(സി) എഴുപതു ലക്ഷത്തോളം വരുന്ന ക്ഷേമനിധി അംഗങ്ങളിൽ നിന്നും ആധാർ കാർഡ് ലിങ്കേജിനെന്ന പേരിൽ നാല്പതു രൂപ വീതം ഈടാക്കിയിട്ടുണ്ടോ; പ്രസ്തുത തുക തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ ശുചിത്വവും സുരക്ഷയും</u>

*220 ശ്രീ. കെ. എൻ. എ. ഖാദർ
,, സി. മോയിൻകുട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളുടെ ശുചിത്വവും സുരക്ഷയും ഉറപ്പു വരുത്തുന്ന കാര്യത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പൊതു ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ സ്വീകരിക്കുന്ന നടപടിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഭക്ഷണാവശ്യത്തിനുള്ള വിഭവങ്ങളുടെ പ്രോസസിംഗ് വൃത്തിഹീനമോ, അനാരോഗ്യകരമോ ആയ സാഹചര്യങ്ങളിലല്ല നടത്തപ്പെടുന്നത് എന്ന് ഉറപ്പു വരുത്താൻ ആവശ്യമായ നടപടി ഇപ്പോൾ സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ;

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>സ്കൂൾ ഹെൽത്ത് പ്രോഗ്രാം</u>

*221 ശ്രീ. പാലോട് രവി
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഹെൽത്ത് പ്രോഗ്രാം വ്യാപിപ്പിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം സ്കുളുകളിലേക്കാണ് പ്രസ്തുത പ്രോഗ്രാം വ്യാപിപ്പിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) എന്തെല്ലാം പ്രയോജനങ്ങളാണ് പ്രസ്തുത പ്രോഗ്രാം മുഖേന കുട്ടികൾക്ക് ലഭിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>നിർദ്ധനർക്ക് സൗജന്യമായി ആംബുലൻസ്</u>

*222

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ഇ. പി. ജയരാജൻ
,, വി. ശിവൻകുട്ടി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എ.ടി. ആശുപത്രിയിൽ നവജാതശിശുവിന്റെ മൃതദേഹം ബക്കറ്റിലിട്ട് ഉപേക്ഷിക്കാൻ ശ്രമം നടത്തിയതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിർദ്ധനരായ ആദിവാസികളുടെ കുഞ്ഞിന്റെ മൃതദേഹത്തോട് അനാദരവ് കാട്ടിയവർക്കെതിരെ മാതൃകാപരമായ വകുപ്പുതല നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നിർദ്ധനർക്ക് സൗജന്യമായി ആംബുലൻസ് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ജലസംരക്ഷണവും തോടുകളുടെയും നദികളുടെയും പുനരുദ്ധാരണവും</u>

*223 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളിൽ ജലലഭ്യത കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്രോതസ്സുകളിൽ ജലലഭ്യത കുറയുന്നത് ശുദ്ധജലപദ്ധതികൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ജലസ്രോതസ്സുകൾ തടയുകയും ജലാശയങ്ങൾ മലിനപ്പെടുത്തുകയും ചെയ്യുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ഡി) ജലസംരക്ഷണത്തിനും തോടുകളുടെയും നദികളുടെയും പുനരുദ്ധാരണത്തിനും വേണ്ടിയുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുവാൻ ആവശ്യമായ പണം കണ്ടെത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന

*224 ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ 'രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന' എന്നുമുതലാണ് ആരംഭിച്ചത്; നാളിതുവരെ പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഏത് ഇൻഷ്വറൻസ് കമ്പനി മുഖേന യാണ് നടപ്പിലാക്കി വന്നത്; ഇതിന്റെ ചുമതല യിൽനിന്ന് പ്രസ്തുത കമ്പനിയെ മാറ്റിയിട്ടുണ്ടോ; എങ്കിൽ മാറ്റുന്നതിനുണ്ടായ കാരണങ്ങൾ എന്തായിരു ന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരു പൊതുമേഖലാ കമ്പനിയെ ഒഴിവാക്കി സ്വകാര്യ കമ്പനിക്ക് നൽകിയതുമായി ബന്ധപ്പെട്ട് അഴിമതിയു ണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാ ക്കാമോ?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തൊഴിലാളികളുടെ സംരക്ഷണം</u>

*225 ശ്രീ. കെ. അജിത്
,, സി. ദിവാകരൻ
,, വി. ശശി
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരേന്ത്യൻ തൊഴിലാളികൾക്കും, തമിഴ്നാട്ടുകാരുൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ തൊഴിലാളികൾക്കും കൂടുതൽ തൊഴിൽ നൽകുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുള്ളതായി അറിയാമോ;

(ബി) അന്യസംസ്ഥാനത്തൊഴിലാളികളുടെ ഭക്ഷണം, ആരോഗ്യം തുടങ്ങിയവ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സംരക്ഷണം ഉറപ്പുവരുത്താൻ സർക്കാരിനു സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, അത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(സി) ഇത്തരം തൊഴിൽമേഖലകളിലെ വേതനവ്യവസ്ഥകളെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ, വിശദമാക്കുമോ;

(ഡി) ഗ്രാമീണമേഖലകളിലെ ലേബർ ക്യാമ്പുകളിൽ പകർച്ചപ്പനിയും, മലേറിയയും മറ്റും പടരുന്നതു തടയുന്നതിന് എന്തു നടപടികളാണ് ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് സ്വീകരിച്ചുവരുന്നതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഗ്രാമീണ ശുദ്ധജല പദ്ധതി

*226 ശ്രീ. അൻവർ സാദത്ത്
,, പാലോട് രവി
,, സണ്ണി ജോസഫ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഗ്രാമീണ ശുദ്ധജല പദ്ധതികൾ നടപ്പാക്കുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് ശ്രദ്ധേയമായ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള മികവ് അനുസരിച്ച് കേന്ദ്രത്തിൽ നിന്ന് അധിക സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) നേട്ടങ്ങളും പ്രവർത്തനമികവും കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

ഐ. വി.കാനുല വാങ്ങിയതിലെ നഷ്ടം

*227 ശ്രീ. ജെയിംസ് മാത്യു
,, എ. പ്രദീപ്കുമാർ
,, കെ. വി. അബ്ദുൾ ഖാദർ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഐ. വി. കാനുല വാങ്ങിയതിൽ അഞ്ചു കോടി രൂപ നഷ്ടം വരുത്തിയെന്ന ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലിന്റെ വിശദാംശം ലഭ്യമാക്കാമോ; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) മരുന്നുകളുടെയും ഉപകരണങ്ങളുടെയും മറ്റു സാമഗ്രികളുടെയും വാങ്ങലിൽ ഉള്ള അഴിമതി ഒഴിവാക്കാനായി എന്തെങ്കിലും നടപടി സ്വീകരിക്കുകയോ പരിശോധന നടത്തുകയോ ചെയതിട്ടുണ്ടോ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

*228 പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാടു പാക്കേജിൻ കീഴിൽ ജലവിഭവ വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതിയും അവയ്ക്കനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ;

(സി) പദ്ധതി ഫലപ്രാപ്തിയിലെത്താതെ പോയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനം</u>

*229 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ജലപാത എവിടം മുതൽ എവിടം വരെയാണ് നടപ്പിലാക്കുന്നത്;

(ബി) എത്ര ഘട്ടമായാണ് ജലപാത നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി എന്ത് ചെലവാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

<u>പകർച്ചവ്യാധികളാൽ മരണപ്പെട്ടവരുടെ വിവരം</u>

*230 ശ്രീ. പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013–ൽ പകർച്ചവ്യാധികൾ വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളത്തിൽ 2013–ൽ ഏറ്റവും കൂടുതൽ പേർക്ക് ഡെങ്കിപ്പനി ബാധിച്ചിട്ടുള്ളതായി ആരോഗ്യവകുപ്പിന്റെ കണക്കുകൾ തെളിയിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ജലജന്യരോഗങ്ങൾ സംസ്ഥാനത്ത് എത്രത്തോളം പടർന്ന് പിടിക്കുന്നുണ്ട്; എങ്കിൽ ഇത്തരത്തിൽ പടർന്നു പിടിച്ച രോഗങ്ങൾ ഏതെല്ലാം; വിശദീകരിക്കുമോ;

(ഡി) പകർച്ചവ്യാധികളും ജലജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിക്കുന്ന നടപടി അപര്യാപ്തമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പുതിയ മരുന്നുകളുടെ പരീക്ഷണം</u>

*231 ശ്രീ. പി. ഉബൈദുള്ള
,, എന്‍. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏതെങ്കിലും സ്ഥാപനങ്ങള്‍ പുതിയ മരുന്നുകള്‍ മനുഷ്യരില്‍ പ്രയോഗിച്ച് പരീക്ഷണം നടത്തുന്നതായി ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ;

(ബി) 162 പുതിയ ഇനം മരുന്നുകളുടെ പരീക്ഷണം സുപ്രീം കോടതി തടഞ്ഞ വിവരം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ; എങ്കില്‍ ഇതിലേതെങ്കിലും മരുന്ന് സംസ്ഥാനത്ത് ലഭ്യമാണോ ; അവ ഉപയോഗിക്കപ്പെടുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് മരുന്നുകളുടെ പരീക്ഷണവുമായി ബന്ധപ്പെട്ട് നിയമവിരുദ്ധമായ ഒരു പ്രവര്‍ത്തനവും നടക്കുന്നില്ലെന്നും, ഇത്തരം മരുന്നുകള്‍ സംസ്ഥാനത്തിനകത്ത് ഉപയോഗപ്പെടുത്തുന്നില്ലെന്നും ഉറപ്പാക്കാന്‍ ആവശ്യമായ നിര്‍ദ്ദേശം ബന്ധപ്പെട്ടവര്‍ക്ക് നല്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

അഡ്വഞ്ചർ ടൂറിസം

*232 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത മേഖലയുടെ വികസനത്തിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ 2014-15 സാമ്പത്തിക വർഷം പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിയ്ക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>ജലവിഭവ റെഗുലേറ്ററി അതോറിറ്റി</u>

*233 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എ. കെ. ബാലൻ
,, എളമരം കരീം
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചനത്തിനുള്ള വെള്ളത്തിന്റെയും കുടിവെള്ളത്തിന്റെയും വില നിർണ്ണയിക്കുന്നതിന് ജലവിഭവ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള തീരുമാനത്തിൽ നിന്നു പിന്മാറുമോ;

(ബി) ഇത്തരമൊരു അതോറിറ്റിയുടെ രൂപീകരണം വില നിർണ്ണയത്തിൽ സർക്കാരിനുള്ള അധികാരങ്ങൾ ഇല്ലാതാക്കുമെന്നു കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) കുടിവെള്ളം എല്ലാവർക്കും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന മുൻസർക്കാരിന്റെ നയത്തിനു പകരം വെള്ളത്തെ വാണിജ്യവൽക്കരിക്കുമ്പോഴുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 27.01.2014–ലെ മറുപടിക്ക്

<u>ക്ഷേത്രങ്ങളിലെ അയിത്താചരണം</u>

*234 ശ്രീ. കെ. സുരേഷ് കുറുപ്പ്
ഡോ. കെ. ടി. ജലീൽ
ശ്രീ. എസ്. ശർമ്മ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ ജാതിയുടെ പേരിൽ കലാകാരനെ അകറ്റി നിർത്തിയെന്ന വാർത്തയെക്കുറിച്ച് അന്വേഷണം നടത്തിയോ;

(ബി) പല ക്ഷേത്രങ്ങളിലും അയിത്താചരണം നിലനിൽക്കുന്നുണ്ടെന്ന മനുഷ്യാവകാശ കമ്മീഷന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയിരുന്നോ; വിശദാംശം അറിയിക്കുമോ;

(സി) അയിത്താചാരണം നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കാൻ നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ നടപടികൾ

*235 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽപരമായ സംരക്ഷണത്തിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ എത്രത്തോളം വിജയിക്കാൻ സാധിച്ചു; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ മേഖലയിൽ സേവനം അനുഷ്ഠിക്കുന്നവരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യമേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

<u>പ്രീ-മെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ മെസ് അലവൻസ്</u>

*236 ശ്രീ. ആർ. രാജേഷ്
,, പുരുഷൻ കടലുണ്ടി
,, കെ. വി. വിജയദാസ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രീ-മെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കുള്ള മെസ് അലവൻസ് വർദ്ധിപ്പിച്ചിരുന്നോ;

(ബി) മെസ് തുക ഭക്ഷ്യവില വർദ്ധനവിനനുസൃതമായി വർദ്ധിപ്പിക്കാത്തതിനാൽ ഈ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾ ദുരിതം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

# കേരള നിയമസഭ
## 27.01.2014-ലെ മറുപടിക്ക്

സർക്കാർ ആശുപത്രിയിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ

*237 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. റ്റി. എ. റഹീം
,, എസ്. ശർമ്മ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണമെന്ന പ്രസ്തുത രംഗത്തെ സംഘടനകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ അനുപാതത്തിൽ വെത്യാസം വരുത്തി ഹെഡ് നഴ്സ് പ്രമോഷൻ സാധ്യത ഇല്ലാതാക്കിയിട്ടുണ്ടോ; എങ്കിൽ നടപടി തിരുത്താൻ തയ്യാറാകുമോ ;

(സി) 1961-ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിച്ച് രോഗികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ :

(ഡി) എല്ലാ സർക്കാർ ആശുപത്രികളിലെയും നഴ്സുമാരുടെ ജോലി സമയം എട്ടു മണിക്കൂറാക്കി നിജപ്പെടുത്താൻ തയ്യാറാകുമോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.01.2014–ലെ മറുപടിക്ക്

''ഒരു പഞ്ചായത്തിൽ ഒരു കുളം''

*238 ശ്രീ. എം. എ. വാഹീദ്
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''ഒരു പഞ്ചായത്തിൽ ഒരു കുളം'' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**27.01.2014–ലെ മറുപടിക്ക്**

<u>സൗജന്യ മരുന്ന് വിതരണ പദ്ധതിയിലെ അപാകതകൾ</u>

*239 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' പി. സി. ജോർജ്
'' റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗജന്യ മരുന്ന് വിതരണ പദ്ധതിയിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സൗജന്യ മരുന്ന് വിതരണ ലിസ്റ്റിൽ നിന്നും ചില ജീവൻ രക്ഷാ മരുന്നുകൾ ഒഴിവാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) സൗജന്യമരുന്ന് വിതരണ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.01.2014-ലെ മറുപടിക്ക്

<u>ജലാശയങ്ങളിൽ പോള, പായൽ എന്നിവ ഉണ്ടാക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ</u>

*240 ശ്രീ. സി. മോയിൻകുട്ടി
,, കെ.എൻ.എ. ഖാദർ
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിൽ പോള, പായൽ എന്നിവ ഉണ്ടാക്കുന്ന നാശനഷ്ടങ്ങളും പാരിസ്ഥിതികപ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിനും വൈദ്യുതി ഉൾപ്പെടെയുള്ള ഉപോൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള ഫലപ്രദമായ പദ്ധതികൾ നടപ്പാക്കാൻ പറ്റുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) അതിനായുള്ള സമഗ്രപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 18.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].